# യേശുക്രിസ്തു- ഏക രക്ഷകൻ

എന്റെ സഭാ ഭരണകാലത്തെ കാര്യനിർവഹണങ്ങളെക്കുറിച്ച് ഒന്നാമത്തെ ചാക്രിക ലേഖനത്തിൽതന്നെ ഞാൻ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഏതു കാലത്തുമെന്നപോലെ, ഇന്നു പ്രത്യേകിച്ച് സഭയുടെ അടിസ്ഥാനപരമായ പ്രവർത്തനം മനുഷ്യരുടെ വീക്ഷണങ്ങളെ നേർവഴിക്കു നയിക്കുക, മാനവരാശിയുടെ അനുഭവങ്ങളെയും അവബോധങ്ങളെയും യേശുക്രിസ്തുവിന്റെ ദിവ്യരഹസ്യങ്ങളിലേയ്ക്ക് തിരിച്ചുവിടുക എന്നതാണ് .

വിശുദ്ധ ത്രിത്വത്തിന്റെ വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നതുപോലെ, തിരുസ യുടെ സാർവ്വത്രിക ദൗത്യം യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്: അനാദിയിൽ പിതാവിൽനിന്നു ജനിച്ച, ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവാകുന്ന ഏക കർത്താവിൽ ഞാൻ വിശ്വസിക്കുന്നു... മനുഷ്യരായ നമ്മുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി അവൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിശുദ്ധ കന്യകമറിയത്തിൽനിന്ന് ശരീരം ധരിച്ച് മനുഷ്യനായി . വീണ്ടെടുപ്പു സം വം സമസ്ത ജനങ്ങൾക്കും രക്ഷ നൽകുന്നതാണ്: കാരണം, വീണ്ടെടുപ്പ് എന്ന രക്ഷാകര രഹസ്യത്തിൽ എല്ലാവരും ഉൾപ്പെട്ടിട്ടുണ്ട്. ഈ രഹസ്യത്തിലൂടെ ക്രിസ്തു നാമോരോരുത്തരോടും ഏകീഭവിക്കുന്നു . വിശ്വാസത്തിലൂടെ മാത്രമേ സഭയുടെ മിഷൻ എന്താണെന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. വിശ്വാസം തന്നെയാണ് ആ ദൗത്യത്തിന്റെ അടിത്തറയും.

എന്നാൽ ആധുനിക കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വമ്പിച്ച മാറ്റങ്ങളുടെയും പ്രചാരം നേടുന്ന പുതിയ ദൈവശാസ്ത്ര ചിന്താഗതികളുടെയും ഫലമായി ചില ആളുകൾ അത്ഭുതത്തോടെ ചോദിക്കാറുണ്ട്: അക്രൈസ്തവരുടെ ഇടയിലെ മിഷൻ പ്രവർത്തനത്തിന് ഇന്ന് എന്താണ് പ്രസക്തി? വിവിധ മതങ്ങളുമായുള്ള അഭിമുഖ സംവാദങ്ങൾക്ക് ഇന്ന് അതു വഴിമാറിക്കൊടുത്തുകഴിഞ്ഞില്ലേ? മതപരിവർത്തനമെന്ന പ്രക്രിയയിൽ മനസ്സാക്ഷിയുടെയും സ്വാതന്ത്ര്യത്തിന്റെയും നിഷേധം അടങ്ങിയിട്ടില്ലേ? മതമേതായാലും അവയിലൂടെ രക്ഷയ്ക്കു സാധ്യതയില്ലേ? പിന്നെന്തിനാണ് മിഷനറി പ്രവർത്തനം?

## എന്നിലൂടെയല്ലാതെ ആരും പിതാവിങ്കൽ എത്തിച്ചേരുന്നില്ല (യോഹ.14.6)

സഭ യുടെ ആരം ദശയിലേയ്ക്കു നാം തിരിഞ്ഞുനോക്കുമ്പോൾ, സകലരുടെയും രക്ഷകൻ യേശുക്രിസ്തുവാണെന്നും ദൈവത്തെ വെളിപ്പെടുത്തുവാനും ദൈവത്തിലേയ്ക്കു നയിക്കുവാനും കഴിവുള്ളവൻ അവൻ മാത്രമാണെന്നും അസന്ദിഗ്ധമായി സ്ഥിരീകരിച്ചിരിക്കുന്നതു കാണാം. മുടന്തനായ മനുഷ്യനെ സുഖപ്പെടുത്തിയതിനെപ്പറ്റി യഹൂദ മതാധികാരികൾ അപ്പസ്തോലന്മാരെ ചോദ്യംചെയ്തപ്പോൾ വിശുദ്ധ പത്രോസ് പറയുന്നു: നിങ്ങൾ ക്രൂശിൽ തറച്ചവനും ദൈവം മരിച്ചവരിൽനിന്ന് ഉയർപ്പിച്ചവനുമായ യേശുക്രിസ്തുവിന്റെ നാമത്തിലാണ് ഈ മനുഷ്യൻ നിങ്ങളുടെ മുമ്പാകെ സുഖം പ്രാപിച്ച് എഴുന്നേറ്റ് നിൽക്കുന്നത്... അവനിലല്ലാതെ മറ്റൊരുവനിലും രക്ഷയില്ല. നമ്മുടെ രക്ഷയ്ക്കായി ആകാശത്തിൻ കീഴിൽ മറ്റൊരു നാമവും നമ്മുക്കു നൽകപ്പെട്ടിട്ടില്ല (അപ്പ: 4.10-12). സെൻ ഹെൻദ്രിൻ സമിതിയുടെ മുമ്പാകെ നടത്തിയ ഈ പ്രസ്താവനയ്ക്ക് ഒരു സാർവ്വത്രിക മൂല്യമുണ്ട്. എന്തെന്നാൽ എല്ലാ മനുഷ്യർക്കും- യഹൂദർക്കും പുറംജാതികൾക്കും ഒരുപോലെ- രക്ഷ യേശുക്രിസ്തുവിൽ നിന്നു മാത്രമാണ് ലഭിക്കുന്നത്.

ക്രിസ്തുവിലുള്ള രക്ഷയുടെ സാർവ്വത്രികതയെക്കുറിച്ച് പുതിയ നിയമത്തിലുടനീളം ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ഉയർത്തെഴുന്നേറ്റവനായ ക്രിസ്തുവാണ് കർത്താവെന്ന് വിശുദ്ധ പൗലോസ്

ഏറ്റു പറയുന്നു: ആകാശത്തിലും ഭൂമിയിലും അനേകം ദേവന്മാരുണ്ടെങ്കിലും, ദൈവങ്ങളും കർത്താക്കളും അനേകമുണ്ടെങ്കിലും, നമ്മുക്ക് ഒരു ദൈവം മാത്രമേയുള്ളൂ. നാം ആർക്കുവേണ്ടിയുള്ളവരാണോ സകലത്തിന്റെയും സൃഷ്ടാവായ ആ പിതാവും ആരുവഴി സമസ്തവും സൃഷ്ടക്കപ്പെട്ടോ, ആരുവഴി നാം നിലനിന്നുപോരുന്നുവോ ആ യേശുക്രിസ്തുവാകുന്ന ഏക കർത്താവും ...(1കോറി.8.5-6). ഒരു കർത്താവും ഒരു ദൈവവും എന്നു പറയുന്നത് കർത്താക്കൾ, ദൈവങ്ങൾ എന്നൊക്കെ സാധാരണ പറഞ്ഞു പോന്നതിന്റെ ബദൽ പ്രയോഗങ്ങളാണ്. അന്നത്തെ മതാത്മക പശ്ചാത്തലത്തിൽ നിലനിന്നിരുന്ന ബഹുദൈവവിശ്വാസത്തോട് വിശുദ്ധ പൗലോസ് പ്രതികരിക്കുന്ന വിധമാണത്. കൂടാതെ, ക്രിസ്തീയ വിശ്വാസത്തിന്റെ സവിശേഷതയെ വിശുദ്ധ പൗലോസ് ഇങ്ങനെ ഊന്നിപ്പറയുകയും ചെയ്യുന്നു: അത് ഏകദൈവത്തിലും ദൈവത്താൽ അയക്കപ്പെട്ട ഏക കർത്താവിലുമുള്ള വിശ്വാസമാകുന്നു .

യോഹന്നാന്റെ സുവിശേഷത്തിലേയ്ക്കു കടന്നാൽ, ക്രിസ്തുവിന്റെ രക്ഷാകര സാർവ്വത്രികത, അവിടുത്തെ കൃപയുടെയും സത്യത്തിന്റെയും വെളിപാടിന്റെയും സന്ദേശത്തിന്റെ എല്ലാ വശങ്ങളേയും ആശ്ളേഷിക്കുന്നതായി നാം കാണുന്നു. എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശമാണ് ഈ വചനം (യോഹ.1.9). വീണ്ടും പറയുന്നു. ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻ മാത്രമാണ് അവിടുത്തെ വെളിപ്പെടുത്തുന്നത് (യോഹ. 1.18 മത്താ. 11.27). ദൈവീക വെളിപാട് സമ്പൂർണവും സുനിശ്ചിതവുമായി തീരുന്നത് തന്റെ ഏകജാതൻവഴിയാകുന്നു: ദൈവം പലപ്പോഴായി പല പ്രകാരത്തിലും പ്രവാചകന്മാർ വഴി നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചു: എന്നാൽ, ഈ അവസാനകാലങ്ങളിൽ, സകലത്തിന്റെയും അവകാശിയാകാൻ താൻ നിശ്ചയിച്ച തന്റെ ഏകജാതൻ വഴി അവൻ നമ്മോടു സംസാരിക്കുന്നു. അവൻ വഴിയായിട്ടാണ് ഈ ലോകം സൃഷ്ടിക്കപ്പെട്ടത് (ഹെബ്രായ. 1:1-2, യോഹ.14.6). വെളിപാടിന്റെ ഈ സുനിശ്ചിത വചനം വഴി ഏറ്റവും സമഗ്രമായ രീതിയിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നു. താൻ ആരെന്ന് സമസ്ത മാനവരാശിക്കും വേണ്ടി ഇവിടെ വെളിപ്പെടുത്തുകയാണ്. ദൈവത്തിന്റെ അസന്ദിഗ്ധമായ ഈ സ്വയം വെളിപ്പെടുത്തലാണ്, സഭ സ്വഭാവത്താൽതന്നെ മിഷനറി സഭയാണെന്നു പറയാനുള്ള അടിസ്ഥാനകാരണം. അതുകൊണ്ട്, സുവിശേഷം പ്രഘോഷിക്കാതിരിക്കാൻ സഭയ്ക്ക് സാധ്യമല്ല. ദൈവം തന്നെക്കുറിച്ച് അറിയാൻ നമ്മെ പ്രാപ്തരാക്കുന്ന സത്യത്തിന്റെ പൂർണ്ണതയാണ്.

ദൈവത്തിനും മനുഷ്യരാശിക്കും മധ്യേ നിൽക്കുന്ന ഏക മധ്യസ്ഥനാണ് ക്രിസ്തു: ദൈവം ഒന്നായിരിക്കുന്നതുപോലെ, ക്രിസ്തു ദൈവത്തിനും മനുഷ്യനുമിടയ്ക്ക് ഏകമധ്യസ്ഥനായിരിക്കുന്നു. മനുഷ്യനായ ക്രിസ്തു തന്നെത്തന്നെ വിലയായി നൽകി സമയത്തിന്റെ തികവിൽ സാക്ഷിയായിത്തീർന്നു. ഇതു പറയാനാണ്, ഒരു പ്രസംഗകനായും അപ്പസ്തോലനായും ഞാൻ നിയുക്തനായിരിക്കുന്നത്. (ഞാൻ സത്യമാണു പറയുന്നത്. ഞാൻ കള്ളം പറയുന്നില്ല.) സത്യത്തിലും വിശ്വാസത്തിലും പുറജാതികളെ പഠിപ്പിക്കുകയാണ് എന്റെ കടമ (തിമോ. 25,7. ഹിബ്രു.4:14 -16). അതിനാൽ പരിശുദ്ധാത്മ പ്രവർത്തനം വഴി, ക്രിസ്തുവിലൂടെയല്ലാതെ ദൈവത്തെ സമീപിക്കാൻ ആർക്കും സാധ്യമല്ല. ദൈവത്തിലേയ്ക്കുള്ള വഴിയിൽ വിഘാതമായി നിൽക്കാതെ തന്നെ ദൈവം നിശ്ചയിച്ചിട്ടുള്ള ഒരു വഴിയാണ് തന്റെ ഈ ഏക സാർവ്വത്രിക മധ്യസ്ഥത എന്നു ക്രിസ്തുവിനു നന്നായി അറിയാം. വിവിധ തരത്തിലും വിവിധ തോതിലുമുള്ള ഭാഗഭാഗിത്വ മധ്യസ്ഥതകളെ ഇവിടെ ഒഴിവാക്കുന്നില്ലെങ്കിലും അവയ്ക്ക് അർഥവും മൂല്യവും സിദ്ധിക്കുന്നത് ക്രിസ്തുവിന്റെ ഏക മധ്യസ്ഥത വഴി മാത്രമാണ്. അല്ലാതെ അവ ക്രിസ്തുവിന്റെ മധ്യസ്ഥതയ്ക്ക് സമാന്തരമായിട്ടുള്ളതോ അനുപൂരകമായിട്ടുള്ളതോ അല്ല.

വചനത്തേയും യേശുക്രിസ്തുവിനെയും വേർതിരിച്ചു കാണുന്ന പ്രവണത ക്രിസ്തീയ വിശ്വാസത്തിന് വിപരീതമാണ്. വിശുദ്ധ യോഹന്നാൻ ഇക്കാര്യം വ്യക്തമായി പറയുന്നുണ്ട്. ആദി

യിൽ ദൈവത്തോടുകൂടിയായിരുന്ന വചനം തന്നെയാണ് മാംസം ധരിച്ചത് (യോഹ. 1:2,14). യേശു അവതീർണ്ണമായ വചനമാണ്; അവിഭാജ്യനായ ഏക വ്യക്തിയാണ്. യേശുവിനെ, യേശുവെന്നും ക്രിസ്തുവെന്നും രണ്ടായി വിഭജിച്ചു കാണാൻ സാധ്യമല്ല. അതുപോലെ ചരിത്രത്തിലെ യേശു വെന്നും, വിശ്വാസത്തിലെ ക്രിസ്തു വെന്നും രണ്ടായി കാണുന്നതും ശരിയല്ല. സഭ വിശ്വസിക്കുന്നതും അംഗീകരിക്കുന്നതും ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് , യേശു എന്നത്രെ(മത്താ. 16.16). ക്രിസ്തു, നസ്രസ്സിലെ യേശുവല്ലാതെ മറ്റാരുമല്ല. സകലരുടെയും രക്ഷയ്ക്കായി മനുഷ്യനായിത്തീർന്ന ദൈവവചനമാണ് അവിടുന്ന്. ദൈവത്വം ക്രിസ്തുവിൽ പൂർണമായി ശരീരപ്രകാരം വസിക്കുന്നു (കൊളോ.2.9). അവന്റെ പൂർണതയിൽനിന്നാണ് നാം സ്വീകരിക്കുന്നത് . (യോഹ. 1:16). പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻ (യോഹ. 1.18), തന്നെയാണ് നമ്മുക്കു മോചനം നൽകുന്ന പ്രിയപുത്രൻ. ദൈവത്തിന്റെ പൂർണത അവനിലും വസിക്കുന്നു. അവനിലൂടെ ആകാശത്തിലും ഭൂമിയിലുമുള്ള സമസ്തവും ദൈവം തന്നോട് രമ്യപ്പെടുത്തുന്നു. അവന്റെ ക്രൂശിലെ രക്തത്താൽ സമാധാനം സംസ്ഥാപിതമാകുന്നു. (കൊളോ. 1:13, 14, 19,20). ക്രിസ്തുവിന്റെ തുല്യമായ ഈ ഏകാത്മകതയാണ്, പരമവും സാർവ്വത്രികവുമായ അർഥവ്യാപ്തി അവിടുത്തേക്ക് നൽകുന്നത്. അതിനാലാണ് ചിത്രത്തിൽ നിലനിൽക്കുമ്പോൾതന്നെ, ചരിത്രത്തിന്റെ കേന്ദ്രവും ലക്ഷ്യവുമായി അവിടുന്ന് വർത്തിക്കുന്നത്. ഞാൻ ആൽഫയും ഒമേഗയുമാകുന്നു; ഞാൻ ആദിയും അന്ത്യവുമാകുന്നു; ഞാൻ തുടക്കവും ഒടുക്കവുമാകുന്നു (വെളി. 22:13).

ഇപ്രകാരം ക്രിസ്തു രഹസ്യത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ചിന്തിക്കുന്നത് ന്യായവും പ്രയോജനപ്രദവുമാണെന്നു വരികിലും അവയുടെ ഐക്യത്തിന്റെ സമഗ്രതയെ കാണാതിരിക്കരുത്. ദൈവം ഓരോ ജനതയിലും ചൊരിഞ്ഞിട്ടുള്ള അസംഖ്യം വരദാനങ്ങളെ പ്രത്യേകിച്ച് ആധ്യാത്മിക സമ്പന്നതകളെ ആദരവോടെ അന്വേഷിച്ചു കണ്ടെത്തുന്ന പ്രക്രിയയിൽ, അവയെ യേശുക്രിസ്തുവിൽനിന്നു വേർപെടുത്തി കാണാൻ പാടില്ലാത്തതാണ്. കാരണം, ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ കേന്ദ്രം ക്രിസ്തുവാണ്: മനുഷ്യാവതാരത്തിലൂടെ ദൈവപുത്രൻ എല്ലാ മനുഷ്യരെയും ഒരർഥത്തിൽ തന്നോടു സംയോജിപ്പിച്ചിട്ടുണ്ട് . അതുപോലെ ദൈവം മാത്രം അറിയുംവിധം, പെസഹാ രഹസ്യത്തിലെ ഭാഗഭാഗിത്വത്തിനുള്ള സാധ്യത പരിശുദ്ധാത്മാവ് എല്ലാവർക്കും പ്രദാനം ചെയ്യുന്നുണ്ട് എന്ന വസ്തുതയും നമ്മൾ അംഗീകരിക്കണം. സ്വർഗത്തിലും ഭൂമിയിലുമുള്ള സമസ്തവും യേശുക്രിസ്തുവിൽ ഏകീകരിക്കുക എന്നതാണ് ദൈവത്തിന്റെ പ്ലാൻ(എഫേ.1:10).

## യേശുക്രിസ്തുവിലുള്ള വിശ്വാസം മാനവ സ്വതന്ത്ര്യത്തിനുള്ളതാണ്

യേശുക്രിസ്തു പ്രദാനം ചെയ്തതും തന്റെ അനുയായികൾ അനുഭവിച്ചറിഞ്ഞതുമായ ജീവന്റെ മൗലികമായ നിത്യ നൂതനത്വ മാണ് മിഷനറി പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്ന ഉൽസാഹത്തിന്റെ ഉറവിടം. ഈ പുതിയ ജീവൻ ദൈവത്തിന്റെ ദാനമാണ്. അതു സ്വീകരിക്കാനും അതിൽ വളരാനും എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന യേശുക്രിസ്തുവിലുള്ള ദൈവവിളിയുടെ അർഥ സമ്പൂർണത ഗ്രഹിക്കാൻ അപ്പോഴാണ് സാധിക്കുക. പുതിയ നിയമം ഒന്നടങ്കം ഈ പുതിയ ജൂവന്റെ ഒരു സ്തുതിഗീതമാണ്- യേശുക്രിസ്തുവിൽ വിശ്വസിക്കുകയും സഭയിൽ ജീവിക്കുകയും ചെയ്യുന്നവരുടെ പുതിയ ജീവിതത്തിന്റെ സ്തുതിഗീതം. യേശുക്രിസ്തുവിലുള്ള രക്ഷ, തിരുസഭ പ്രഘോഷിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നതുപോലെ ദൈവത്തിന്റെ സ്വയം സംവേദനമാണ്. ആ സ്നേഹം നന്മ പ്രദാനം ചെയ്യുക മാത്രമല്ല, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിന്റെ ജീവനിൽ ഭാഗഭാഗിത്വം

നൽകുകയും ചെയ്യുന്നു. കാരണം, സ്നേഹിക്കുന്നവൻ സ്വയം ദാനം ചെയ്യാൻ വെമ്പൽകൊള്ളുന്നു.

ദൈവം ഈ പുതുജീവൻ മാനവരാശിക്ക് പ്രദാനം ചെയ്യുന്നു. യേശുക്രിസ്തുവിനെയോ അവിടുന്നു മാനവചരിത്രത്തിൽ നിർവഹിച്ച പങ്കിനെയോ നിഷേധിക്കാൻ ആർക്കെങ്കിലും പറ്റുമോ? നിഷേധിക്കാൻ പറ്റും എന്നാണ് ഉത്തരം. കാരണം, മനുഷ്യൻ സ്വതന്ത്രനാണ്. ദൈവത്തോട് നോ (സാധ്യമല്ല) എന്നുപറയാൻ ഒരുവനു കഴിയും. അതുപോലെ ക്രിസ്തുവിനോടും ഇല്ല എന്നു പറയാൻ ആർക്കും സാധിക്കും. പക്ഷേ, ഒരു അടിസ്ഥാന ചോദ്യം ഇവിടെ ഉദിക്കുന്നു. അങ്ങനെ പറയുന്നത് നീതിയാണോ? അതിന് എന്ത് ന്യായീകരണമാണുള്ളത്?

മനുഷ്യനെ ജീവിതത്തിന്റെ തിരശ്ചീനത്തിൽ ഒതുക്കി നിർത്തുന്ന ഒരു പ്രവണത ഇക്കാലത്തുണ്ട്. എന്നാൽ, പരാശക്തിയുമായുള്ള സമ്പർക്കത്തിലല്ലാതെ ഒരുവന് എന്തായിരിക്കാൻ സാധിക്കും? ഇതിനുള്ള ഉത്തരം ഓരോ വ്യക്തിയുടെയും ജീവിതാനു വത്തിൽ അന്തർലീനമാണ്. മാനവ ചരിത്രത്തിലും അത് ആലേഖിതമായിട്ടുണ്ട്: അത് പ്രത്യേയ ശാസ്ത്രങ്ങളുടെ സംഘട്ടനത്തിൽ നടന്നിട്ടുള്ള രക്തച്ചൊരിച്ചിലിലൂടെയാകാം; അല്ലെങ്കിൽ, ദൈവത്തെ മാറ്റിനിർത്തിയുള്ള പുതിയൊരു മാനവികത കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന രാഷ്ട രണകൂടങ്ങൾ വഴിയാകാം.

മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെ സംരക്ഷണത്തിനായി നിൽക്കുന്നവരോട് വത്തിക്കാൻ കൗൺസിൽ പറയുന്നതു കേൾക്കുക: മതപരമായ സ്വാതന്ത്ര്യം ഏതൊരു വ്യക്തിയുടെയും അവകാശമാണ്. മറ്റാർക്കും അതിൽ കൈകടത്താൻ അവകാശമില്ല. മറ്റു വ്യക്തികളുടെയോ ഗ്രൂപ്പുകളുടെയോ, മറ്റു മാനുഷിക ശക്തികളുടെയോ കൈകടത്തലിൽനിന്നു വിമുക്തമായിരിക്കേണ്ട അവകാശമാണത്. മാത്രമല്ല, മതപരമായ കാര്യങ്ങളിൽ മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആരെയും നിർബന്ധിച്ചു കൂടാത്തതാണ്. അതുപോലെ, ഒരു പരിധിക്കുള്ളിൽ മനസ്സാക്ഷിക്കനുസരിച്ചു പ്രവർത്തിക്കുന്നതിൽ നിന്ന്- രഹസ്യമായിട്ടോ പരസ്യമായിട്ടോ, തനിച്ചോ കൂട്ടായോ പ്രവർത്തിക്കുന്നതിൽ നിന്ന്- ആരെയും തടഞ്ഞുകൂടാത്തതുമാണ്

മനസ്സാക്ഷിക്കനുസരിച്ച് ക്രിസ്തുവിനെ പ്രഘോഷിക്കുന്നതും, അവനു സാക്ഷികളാവുന്നതും സ്വാതന്ത്ര്യത്തിന്റെ ലംഘനമല്ല. മനുഷ്യപക്ഷത്തുനിന്ന് സർവ്വസ്വതന്ത്രമായ വിധേയത്വമാണ് വിശ്വാസം ആവശ്യപ്പെടുന്നത്. അതേ സമയം, വിശ്വാസവും അവനു നൽകപ്പെടണം. കാരണം ക്രിസ്തു രഹസ്യത്തിന്റെ സമ്പന്നതകൾ ഗ്രഹിക്കാൻ ജനകോടികൾക്ക് അവകാശമുണ്ട്. ഈശ്വരനേക്കുറിച്ചും മനുഷ്യനേക്കുറിച്ചും മാനവഭാഗധേയത്തെക്കുറിച്ചും ജീവനെക്കുറിച്ചും മരണത്തെക്കുറിച്ചും സത്യത്തെക്കുറിച്ചുമെല്ലാം മനുഷ്യരാശി ആകാംഷയോടെ തേടുന്ന സമ്പന്നതകൾ അസന്ദിഗ്ധമായ പൂർണതയിൽ അവിടെ കണ്ടെത്താൻ സാധിക്കുന്നു... അതുകൊണ്ടുതന്നെയാണ് പ്രേക്ഷിത ചൈതന്യം സഭ എക്കാലത്തും കാത്തുസൂക്ഷിക്കുന്നത്. നാം ജീവിക്കുന്ന ചരിത്രത്തിന്റെ ഈ കാലഘട്ടത്തിലും അതു കൂടുതൽ തീക്ഷ്ണമാകണമെന്ന് സഭ അഭിലഷിക്കുന്നതും അതുകൊണ്ടാണ്.

കൗൺസിലിനോടു ചേർന്നുകൊണ്ട് ഒരു കാര്യം പ്രസ്താവിക്കേണ്ടതുണ്ട്: ബുദ്ധിയും സ്വതന്ത്രമനസ്സും വ്യക്തിപരമായ ഉത്തരവാദിത്തവുമുള്ള വ്യക്തികൾ എന്ന നിലയിൽ സത്യത്തെ അന്വേഷിക്കാൻ, പ്രത്യേകിച്ച് മതാത്മക സത്യത്തെ അന്വേഷിക്കാൻ സ്വഭാവികമായും ധാർമികമായും ഓരോരുത്തർക്കും വ്യക്തിപരമായ കടമയുണ്ട്. ഒരിക്കൽ അതു കണ്ടെത്തിയാൽ അതിനെ ആശ്ളേഷിക്കാനും അതിന്റെ അനുശാസനകൾക്കനുസരിച്ച് തങ്ങളുടെ ജീവിതത്തെ അനുരൂപപ്പെടുത്താനും എല്ലാവരും ബാധ്യസ്ഥരുമാണ് .

## സഭ – രക്ഷയുടെ അടയാളവും ഉപകരണവും

രക്ഷയുടെ ഒന്നാമത്തെ ഗുണഭോക്താവ് സഭ തന്നെയാണ്. സ്വന്തം രക്തം വിലയായി കൊടുത്താണ് ക്രിസ്തു സഭ യെ നേടിയതും ലോകരക്ഷയ്ക്കുവേണ്ടി തന്റെ സഹപ്രവർത്തകയാക്കിയതും. അവിടുന്നു സഭ യിൽതന്നെ വസിക്കുന്നു. സഭ അവിടുത്തെ മണവാട്ടിയാകുന്നു. അവളെ വളർത്തിക്കൊണ്ടുവരുന്നത് അവിടുന്നുതന്നെയാണ്. സഭയിലൂടെയാണ് അവിടുന്ന് തന്റെ ദൗത്യം നിർവഹിക്കുന്നത്.

മാനവരാശിയുടെ രക്ഷയിൽ സഭയ്ക്കുള്ള പങ്കിനെക്കുറിച്ച് കൗൺസിൽ തുടരെത്തുടരെ പരാമർശിച്ചിട്ടുണ്ട്. ദൈവം സകലരെയും സ്നേഹിക്കുകയും രക്ഷപ്രാപിക്കാനുള്ള സാധ്യത സകലർക്കും നൽകുകയും ചെയ്യുന്നു എന്ന വസ്തുത അംഗീകരിക്കുമ്പോൾതന്നെ (തിമോ. 2.4), അവിടുന്ന് ക്രിസ്തുവിനെ ഏകമധ്യസ്ഥനായി നിശ്ചയിച്ചിരിക്കുന്നു എന്നും സഭ യെ രക്ഷയുടെ സാർവ്വത്രിക കൂദാശയായി സ്ഥാപിച്ചിരിക്കുന്നുവെന്നുമാണ് സഭ വിശ്വസിക്കുന്നത്. ദൈവജനത്തിന്റെ ഈ സാർവ്വത്രിക കൂട്ടായ്മയിലേയ്ക്ക് സകലരും വിളിക്കപ്പെട്ടിട്ടുണ്ട്. സകലരും വിവിധ തരത്തിൽ അതിൽ ഉൾപ്പെട്ടിരിക്കുകയോ അതിലേയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുകയോ ചെയ്തിരിക്കുന്നു. അവർ കത്തോലിക്കാ വിശ്വാസികളാകാം; യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന മറ്റു വിഭാഗങ്ങളുമാവാം . ഇപ്പറഞ്ഞ രണ്ടു സത്യങ്ങളെയും ഏകോപിപ്പിച്ച് ഒരുമിച്ചു കാണേണ്ടതാണ്. അതായത്, മാനവരാശിക്ക് യേശുക്രിസ്തുവിലുള്ള രക്ഷയുടെ യഥാർഥ സാധ്യത ഒന്ന്; രക്ഷയ്ക്ക് സഭ അനിവാര്യമാണ് എന്ന വസ്തുത, രണ്ടാമത്തേത്, രക്ഷയുടെ ഏകരഹസ്യം ഗ്രഹിക്കുന്നതിന് ഈ രണ്ടു സത്യങ്ങളും സഹായകരമാണ്. അങ്ങനെ, ദൈവത്തിന്റെ കരുണയും മനുഷ്യന്റെ കടമയും കണ്ടറിയാൻ നമ്മുക്കു സാധിക്കുന്നു. രക്ഷ പരിശുദ്ധാത്മാവിന്റെ ദാനമാണെങ്കിലും അതിനു മനുഷ്യന്റെ സഹകരണവും ആവശ്യമാണ്, ഒരുവന്റെ സ്വന്തം രക്ഷയ്ക്കും മറ്റുള്ളവരെ രക്ഷിക്കുന്നതിനും. ഇതത്രേ ദൈവഹിതം. അവിടുന്നു സ യെ സ്ഥാപിച്ചതും തന്റെ രക്ഷാപദ്ധതിയുടെ ഒരു ഭാഗമായി നിശ്ചയിച്ചതും ഇതിനുവേണ്ടിയാണ്. ഈ രക്ഷണീയ ജനതതി യെക്കുറിച്ച് കൗൺസിൽ പറയുന്നത് ശ്രദ്ധിക്കാം: ജീവനിലും സത്യത്തിലും സ്നേഹത്തിലുമുള്ള ഒരു കൂട്ടായ്മയായിട്ടാണ് യേശുക്രിസ്തു അതിനെ സ്ഥാപിച്ചിരിക്കുന്നത്. സകലരുടെയും രക്ഷയുടെ ഉപകരണമായി അവിടുന്ന് അതിനെ നിയോഗിച്ചിരിക്കുന്നു. ലോകത്തിന്റെ വെളിച്ചമായും ഭൂമിയുടെ ഉപ്പായും ലോകം മുഴുവനും വേണ്ടിയുള്ള ദൗത്യനിർവഹണത്തിന് അവിടുന്ന് അതിനെ അയച്ചിരിക്കുന്നു .

## യേശുക്രിസ്തുവിലുള്ള രക്ഷ സകലർക്കും വേണ്ടി

രക്ഷയുടെ സാർവ്വത്രികത എന്നു പറയുമ്പോൾ, യേശുക്രിസ്തുവിൽ പരസ്യമായി വിശ്വസിച്ച് സഭയിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് മാത്രമുള്ളത് എന്നല്ല അർഥം. രക്ഷ സകലർക്കും വേണ്ടി നൽകപ്പെട്ടിരിക്കുന്നതായതുകൊണ്ട് എല്ലാവർക്കും സമൂർത്തമായി അതു ലഭിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. എന്നാൽ, ഇന്ന്, പണ്ടത്തെപ്പോലെ, സുവിശേഷ വെളിച്ചം അറിയുന്നതിനോ അതു സ്വീകരിക്കുന്നതിനോ, സഭയിൽ പ്രവേശിക്കുന്നതിനോ അനേകം ആളുകൾക്ക് അവസരം ലഭിക്കുന്നില്ല. അവർ ജീവിക്കുന്ന സാമൂഹ്യവും സാംസ്കാരികവുമായ പരിതോവസ്ഥകൾ അതിനവരെ അനുവദിക്കുന്നുമില്ല. മാത്രമല്ല, പലപ്പോഴും മറ്റു മത പാരമ്പര്യങ്ങളിലാണ് അവർ വളർന്നു വരുന്നത്. ഇപ്രകാരമുള്ള ജനങ്ങൾക്ക്, പ്രത്യേക കൃപമൂലം, യേശുക്രിസ്തുവിലുള്ള രക്ഷയിലേയ്ക്ക് ഒരടുപ്പം സാധ്യമാണ്. അവർ പരസ്യമായി സഭയുടെ സമൂർത്തമായ അംഗങ്ങളല്ലായിരിക്കാം. എന്നാൽ, അവർ സഭയുമായി നിഗൂഢാത്മകമായ ഒരുതരം ബന്ധ

ത്തിലാണെന്നു പറയാം. അതുമൂലം, അവർ തങ്ങളുടെ ആത്മീയവും ഭൗതികവുമായ സാഹചര്യങ്ങളനുസരിച്ച് പ്രകാശിതരായി തീരുന്നു. ഈ കൃപ ക്രിസ്തുവിൽനിന്നാണ് വരുന്നത്. അത് അവിടുത്തെ യാഗത്തിന്റെ ഫലമത്രെ. പരിശുദ്ധാത്മാവാണ് അത് പ്രദാനം ചെയ്യുന്നത്. അത് സ്ത്രീ പരുഷന്മാരെ തങ്ങളുടെ സഹകരണത്തിലൂടെ രക്ഷപ്രാപിക്കാൻ ശക്തരാക്കുന്നു. ഇക്കാരണത്താലാണ് പെസഹാരഹസ്യത്തിന്റെ കേന്ദ്രതത്വത്തെപ്പറ്റി ഊന്നിപ്പറഞ്ഞതിനുശേഷം കൗൺസിൽ ഇപ്രകാരം പ്രഖ്യാപിച്ചത്: ഇത് ക്രൈസ്തവർക്കു മാത്രം ബാധകമായിട്ടുള്ളതല്ല. ദൈവകൃപ ഹൃദയത്തിൽ നിഗൂഢമായി വ്യാപരിക്കുന്ന സന്മനസ്സുള്ള സകലർക്കും ബാധകമാണ്. യേശുക്രിസ്തു മരിച്ചത് സകലർക്കും വേണ്ടിയാണ്. ആത്യന്തികമായി നമ്മെയെല്ലാം വിളിക്കുന്നത് ദൈവമാണ്. ആയതിനാൽ, ആ വിളി സാർവ്വത്രികമാണ്. അതുകൊണ്ട്, ദൈവം അറിയുന്ന വിധം, പെസഹാ രഹസ്യത്തിൽ പങ്കുകൊള്ളുന്നതിന് പരിശുദ്ധാത്മാവ് സകലർക്കും അവസരം ഒരുക്കിക്കൊടുക്കുന്നുവെന്ന് വിശ്വസിക്കാൻ നാം ബാധ്യസ്ഥരാണ് .

## പ്രസംഗിക്കാതിരിക്കാൻ നമ്മുക്കു സാധ്യമല്ല

**(അപ്പ. പ്ര. 4.20)**

ജനതകളോടുള്ള മിഷനെ സംബന്ധിച്ച് (ad gentes) മേൽപ്പറഞ്ഞ എതിരഭിപ്രായങ്ങളെപ്പറ്റി ഇനി എന്താണ് പറയുക? മറ്റെല്ലാവരുടെയും വിശ്വാസങ്ങളോടും വികാരങ്ങളോടുമുള്ള ആദരവോടു കൂടിത്തന്നെ, യേശുക്രിസ്തുവിൽ നമ്മുക്കുള്ള വിശ്വാസത്തെ ഒന്നാമതായി നാം ഉറപ്പിച്ചു പറയേണ്ടിയിരിക്കുന്നു. അവിടുന്ന് മനുഷ്യവർഗത്തിന്റെ ഏക രക്ഷകനാണ്. ഇത് മുകളിൽനിന്ന് നമ്മുക്ക് ദാനമായി ലഭിച്ച വിശ്വാസമാണ്. നമ്മുടെ എന്തെങ്കിലും യോഗ്യതകൊണ്ടു ലഭിച്ചതല്ല. വിശുദ്ധ പൗലോസിനോടൊപ്പം നമ്മുക്കും പറയാം: സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കുന്നില്ല. വിശ്വാസമുള്ള ആർക്കും രക്ഷയ്ക്കായുള്ള ദൈവത്തിന്റെ ശക്തിയാണത് (റോമ. 1.16). ഇക്കാലത്തും എക്കാലത്തുമുള്ള ക്രൈസ്തവ രക്തസാക്ഷികൾ തങ്ങളുടെ ജീവൻ കൊടുത്തതും കൊടുത്തുകൊണ്ടിരിക്കുന്നതും ഈ വിശ്വാസത്തിന് സാക്ഷ്യം വഹിക്കാൻ വേണ്ടിയാണ്. ഏതു മനുഷ്യനും യേശുക്രിസ്തുവിനെ ആവശ്യമുണ്ടെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു. അവൻ പാപത്തെയും മരണത്തെയും കീഴടക്കിയവനാണെന്നും അവൻ മനുഷ്യവർത്തെ ദൈവവുമായി രമ്യതപ്പെടുത്തിയവനാണെന്നും ഉള്ള വിശ്വാസമാണവരെ രക്തസാക്ഷികളാക്കിയത്. അത്ഭുതങ്ങൾ പ്രവർത്തിച്ചും മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റുകൊണ്ടും യേശു തന്റെ വചനങ്ങളെ ഉറപ്പിക്കുകയും, താൻ ദൈവപുത്രനാണെന്നും പിതാവിനോടൊത്ത് ഉറ്റ സമ്പർക്കത്തിൽ കഴിയുന്നവനാണെന്നും പ്രഖ്യാപിക്കുകയും ചെയ്തു. ആ പ്രഖ്യാപനം ശിഷ്യഗണം അതേപടി അംഗീകരിച്ചു. സ മനുഷ്യവർഗത്തിനു നൽകുന്ന ഈ സുവിശേഷം മാനവ ഹൃദയങ്ങളുടെ ആവശ്യങ്ങളോടും അഭിനിവേശങ്ങളോടും പ്രതികരിക്കുന്ന പ്രവാചക സന്ദേശമാണ്. അത് എന്നും സുവിശേഷം എന്ന നല്ല പേരിൽതന്നെ നിലനിൽക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ മുഖം വെളിപ്പെടുത്താനും തന്റെ കുരിശും പുനരുദ്ധാനവും വഴി സർവ്വ മനുഷ്യരേയും രക്ഷയ്ക്കു യോഗ്യരാക്കാനും വേണ്ടിയാണ് യേശുക്രിസ്തു വന്നതെന്ന സത്യം ഉൽഘോഷിക്കാതിരിക്കാൻ സ യക്ക് സാധ്യമല്ല.

എന്തിന് മിഷൻ എന്ന ചോദ്യത്തിന് സഭയുടെ വിശ്വാസത്തിൽനിന്നും അനുഭവത്തിൽനിന്നും ഉരുത്തിരിയുന്ന ഈ ഉത്തരമാണ് നാം നൽകുക: യേശുക്രിസ്തുവിന്റെ സ്നേഹത്തിന് സ്വയം തുറന്നു കൊടുക്കുന്നതിലാണ് യഥാർഥ വിമോചനം അടങ്ങിയിരിക്കുന്നത്. അവനിലാണ്, അവനിലൂടെ മാത്രമാണ് എല്ലാ അന്യവൽകരണത്തിൽനിന്നും ആകുലതകളിൽനിന്നും പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽനിന്നും ശരിയായ മോചനം പ്രാപിക്കാൻ നമ്മുക്കു സാധിക്കുക. സാക്ഷാത്തായ നമ്മുടെ സമാധാനം ക്രിസ്തുവാണ് (എഫേ.2.14). ക്രിസ്തു

വിന്റെ സ്നേഹം നമ്മെ നിർബന്ധിക്കുന്നു (2 കോറി. 5.14). അത് നമ്മുടെ ജീവിതത്തിന് അർഥവും ആനന്ദവും പകർന്നു തരുന്നു. മിഷൻ എന്നു പറയുന്നത് വിശ്വാസത്തിന്റെ ഒരു ഘടകമാണ്, നമ്മുക്കു ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെയും അവനു നമ്മോടുള്ള സ്നേഹത്തിന്റെയും കണിശമായ ചൂണ്ടുപലകയാണ്.

ക്രിസ്തുമതത്തെ വെറും മാനുഷിക വിജ്ഞാനവും ജീവിത സൗഖ്യം നൽകുന്ന കൃത്രിമ ശാസ്ത്രവുമാക്കി തരംതാഴ്ത്തി കാണിക്കാനുള്ള പ്രലോഭനം ഇന്നുണ്ട്. അതിശക്തമായ മതേതര സ്വ ാവമാർജിച്ചിരിക്കുന്ന ഇന്നത്തെ ലോകത്തിൽ, മാനവരക്ഷയെ ക്രമേണ മതനിരപേക്ഷമായി കാണാനുള്ള നീക്കമാണത്. മനുഷ്യ നന്മയ്ക്കുവേണ്ടി എല്ലാവരും യത്നിക്കണമല്ലോ. എന്നാൽ അനുഭവത്തിൽ മനുഷ്യൻ അംഗഭംഗം ബാധിച്ച് താഴെ തിരശ്ചീനഗതിയിലേയ്ക്ക് ഒതുങ്ങിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യനാകെ കീറിമുറിക്കപ്പെടുകയാണിന്ന്; താഴ്ന്ന സമാന്തരതലങ്ങളിലേയ്ക്ക് അവൻ തരംതാഴ്ത്തപ്പെടുകയുമാണ്. എന്നാൽ, നമ്മുക്കറിയാം, വ്യക്തിയെ മുഴുവനായും മാനവരാശിയെ സമ്പൂർണ്ണമായും സമാശ്ളേഷിക്കുന്ന സമഗ്ര വിമോചനം പ്രദാനം ചെയ്യാനാണ് യേശുക്രിസ്തു വന്നത്. അതു നമ്മുക്കു ദൈവിക പുത്രത്വത്തിന്റെ, അത്ഭുതകരമായ പ്രത്യാശയുടെ വിസ്തൃത ചക്രവാളങ്ങളെ തുറന്നുതരുന്നു. എന്തിനാണ് മിഷൻ? വിശുദ്ധ പൗലോസ് എന്നപോലെ, നമ്മുക്കും, ക്രിസ്തുവിന്റെ നിരൂപണാതീതമായ സമ്പന്നതകളെക്കുറിച്ച് പുറജാതികളോട് പ്രസംഗിക്കാനുള്ള കൃപ തന്നിരിക്കുന്നു (എഫേ. 3.8). അവനിലുള്ള ജീവിതത്തിന്റെ പുതുമ എക്കാലവുമുള്ള സ്ത്രീപുരുഷന്മാർക്ക് സദ്വാർത്ത തന്നെയാണ്. സകലരും അതിനുവേണ്ടി വിളിക്കപ്പെടുകയും നിയോഗിക്കപ്പെടുകയും ചെയ്തിരിക്കുന്നു. സർവമനുഷ്യരും ഇത് അന്വേഷിക്കുന്നുണ്ട് എന്നത് വാസ്തവമാണ്. പലരും അവ്യക്തമായ മാർഗങ്ങളിലൂടെയാവാം ഇത് അന്വേഷിക്കുന്നത്. എന്നാലും ഈ മഹാദാനത്തിന്റെ വിലയറിയാനും സ്വതന്ത്രമായി അതിനെ സ്വീകരിക്കാനുമുള്ള അവകാശം എല്ലാവർക്കുമുണ്ട്. സഭയോ, സഭയിലെ അംഗങ്ങളോ, ഈ സമ്പന്നതകളെയും അതിന്റെ നൂതനത്വത്തെയും മറച്ചുവയ്ക്കുകയോ കുത്തകയാക്കി പിടിച്ചുവയ്ക്കുകയോ ചെയ്തു കൂടാത്തതാണ്. കാരണം, മുഴുവൻ മാനവരാശിക്കും പകർന്നു കൊടുക്കാൻ വേണ്ടി ദൈവത്തിന്റെ ഉദാരതയിൽ നിന്നു കൈപ്പറ്റിയിട്ടുള്ളതാണിവ.

ഇങ്ങനെ നോക്കുമ്പോൾ സഭയുടെ മിഷൻ യേശുക്രിസ്തുവിന്റെ കൽപനയിൽനിന്നു മാത്രമല്ല, നാമോരോരുത്തരിലും കുടികൊള്ളുന്ന ദൈവീക ജീവന്റെ ആഴമായ ദാഹത്തിൽനിന്നു കൂടെ ഉരുത്തിരിയുന്ന ദൗത്യമാണ്. കത്തോലിക്കാ സഭാഗാത്രത്തിൽ ഉൾപ്പെട്ടിരിക്കുന്നവർ അവർക്കുള്ള ഈ ആനുകൂല്യത്തെക്കുറിച്ച് ബോധവാന്മാരായിരിക്കേണ്ടതാണ്. അക്കാരണംകൊണ്ടുതന്നെ, തങ്ങളുടെ വിശ്വാസത്തിന്റെയും ക്രിസ്തീയ ജീവിതത്തിന്റെയും സാക്ഷ്യം ഉയർത്തിപ്പിടിക്കാൻ അവർക്ക് കൂടുതൽ ഉത്തരവാദിത്തമുണ്ട്. അത്, അവർ തങ്ങളുടെ സഹോദരീ സഹോദരങ്ങൾക്കു ചെയ്യുന്ന ഒരു സേവനമാണ്. അതേസമയം ദൈവത്തിനു നൽകുന്ന ഏറ്റവും അനുയോജ്യമായ പ്രത്യുത്തരവും. അവർ എപ്പോഴും ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ട്: തങ്ങൾക്കു ലഭിച്ചിരിക്കുന്ന ശ്രേഷ്ഠമായ ഈ പദവി സ്വന്തം മേന്മകളിൽ നിന്നുള്ളതല്ല. അത് യേശുക്രിസ്തുവിന്റെ പ്രത്യേകമായ കൃപയാലാണ്. ഈ കൃപയോട് വിചാരംകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സഹകരിക്കുന്നില്ലെങ്കിൽ അവർ രക്ഷിക്കപ്പെടുകയില്ലെന്നു മാത്രമല്ല, കൂടുതൽ കർശനമായി വിധിക്കപ്പെടുകയും ചെയ്യും.